**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4894** **01-11-2021 - ൽ മറുപടിയ്ക്ക്**

**യു.പി., എച്ച്.എസ്. കായികാധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | യു.പി., എച്ച്.എസ്. കായികാധ്യാപക തസ്തിക നിർണയത്തിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായും കാലോചിതമായും പരിഷ്ക്കരിക്കുമോ; | (എ) | യു.പി., എച്ച്.എസ്. കായികാധ്യാപക തസ്തിക നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലെ പരിസ്ഥിതി കണക്കിലെടുത്ത് തൽക്കാലം മാറ്റിവയ്ക്കാവുന്നതാണെന്ന് തീരുമാനമെടുക്കുകയുമുണ്ടായി. |
| (ബി) | ഹൈസ്കൂൾ കായികാധ്യാപകരുടെ യോഗ്യത എൻ.സി.ടി.ഇ. മാർഗ്ഗരേഖകൾ അനുസരിച്ച് പരിഷ്ക്കരിച്ച് പൊതു അധ്യാപകരായി പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് അനുസരിച്ച് കായികാദ്ധ്യാപക തസ്തികയിലേക്കുള്ള യോഗ്യത പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (സി) | തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പാലിച്ച് ഹൈസ്കൂൾ കായികാധ്യാപകർക്ക് ഹൈസ്കൂൾ അധ്യാപകരുടേതിന് തുല്യമായ ശമ്പളം അനുവദിക്കുമോ; വിശദമാക്കുമോ? | (സി) | ഇക്കാര്യം സംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ